നം.കെഎസ്എ-കെടിഎം.പി.15/1646/2017 തീയതി:13.11.2017

# കോട്ടയം ജില്ലയിലെ പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 16-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പാമ്പാടി ബ്ളോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.01.17 മുതൽ 25.10.17 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക്പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 4 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഡി.സുരേഷ് രാജു,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19-10-17 മുതൽ 25-10-17 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | 1) ശ്രീമതി രേഖ.ആർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>2) ശ്രീമതി സുനിത.എം.എസ് (എ.എ.ഒ)<br>3) ശ്രീ.രഞ്ജിത്.എം (സീനിയർ ഗ്രേഡ് ഓഡിറ്റർ) |

ബി) നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.മാത്യൂസ് റ്റി.എസ് | 01.04.16മുതൽ 31.13.17 വരെ |
| സെക്രട്ടറി | ശ്രീമതി ലേഖ.സി | 1.4.16 മുതൽ 18.112016 വരെയും<br>27.12.2016 മുതൽ 31.13.17വരെ |
| | ശ്രീ.രഞ്ജിത്.ജേക്കബ്<br>ജോയിന്റ് ബി.ഡി.ഒ.<br>ഇൻ ചാർജ് | 19.11.2016 മുതൽ 26.12.2016 വരെ |

നിർവഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| അസി.ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | കോര തോമസ് | 1-4-16 മുതൽ 31-3-17 വരെ |
| ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ | ശ്രീമതി ബി.കെ.ഗ്ലാഡീസ് പത്മം | 1-4-16 മുതൽ 31-03-17 വരെ |
| അസി.എക്സി. എഞ്ചിനീയർ | ശ്രീ.സുരേഷ് കുമാർ | 1-4-16 മുതൽ 31-3-17 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | പി.എസ്.ഉദയകല | 1-4-16 മുതൽ 31-3-17 വരെ |
| മെഡിക്കൽ ഓഫീസർ – താലൂക്ക് ഹോസ്പിറ്റൽ | ഡോ.മനോജ് കെ.എ. | 01.04.16 മുതൽ 31.03.17 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| ഭാഗം 1 പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനത് വരുമാനം |
| 1-8 | ക്യാഷ് വെരിഫിക്കേഷൻ |
| 1-9 | ആഭ്യന്തരനിയന്ത്രണം |
| 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-11 | ഓഡിറ്റ് ലക്ഷ്യം, മാനദണ്ഡം |
| ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വാർഷിക കണക്കുകളുടെ അവലേകനം |
| 2-2 | വാടക ഈടാക്കിയിട്ടില്ല |
| 2-3 | ഇ-ടെൻഡർ ടെൻഡർ ഫീ പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭിച്ചിട്ടില്ല |

| ഭാഗം 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
|---|---|
| 3-1 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഉപകരണങ്ങൾ നൽകിയതിന്റെ വിവരങ്ങൾ ഇല്ല |
| 3-2 | പാലിയേറ്റീവ് കെയർ - വില നൽകിയ മുഴുവൻ സാധനങ്ങളും ലഭിച്ചിട്ടില്ല |
| 3-3 | ഗുണഭോക്തൃസമിതി പ്രവൃത്തികൾ - കൺവീനർക്ക് അധിക തുക നൽകി |
| 3-4 | പാറമ്പടം എസ്.സി.കോളനി സമഗ്ര വികസനം - പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ |
| 3-5 | നിശ്ചിത തീയതിക്കകം കരാറുടമ്പടി വയ്ക്കാത്തത് - പിഴ ഈടാക്കിയിട്ടില്ല |
| 3-6 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേയ്ക്ക് ഫർണിച്ചർ വാങ്ങൽ - വാങ്ങിയ മുഴുവൻ സാധനങ്ങളും വിതരണൺ ചെയ്തിട്ടില്ല |
| 3-7 | പി.എം.എ.വൈ-ഭവനനിർമ്മാണം - ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 3-8 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു |
| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2016-17 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് - 31.03.2017 തീയതിയിൽ |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2016-17 |

| | |
|---|---|
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2016-17 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 2/3/16 തിയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവുകണക്കുകൾ തമ്മിൽ വലിയ വ്യത്യാസമുണ്ട്. ബജറ്റ് നിയമാനുസരണം തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | കൂടുതൽ | കുറവ് |
|---|---|---|---|---|
| മുന്നിരിപ്പ് | 3986927 | 37132582 | 33145655 | |
| വരവ് | 172031073 | 49507737 | | 122523336 |
| ആകെ | 176018000 | 86640319 | | 89377681 |
| ചെലവ് | 171821509 | 66421801 | | 105399708 |
| നീക്കിയിരിപ്പ് | 4196491 | 20218518 | 16022027 | |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തിയതി | ലഭിച്ച തിയതി | |
|---|---|---|
| 31.07.2017 | 14.07.2017 | ഓഡിറ്റ് വേളയിൽ പരിശോധിച്ചു |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വാർഷിക ധനകാര്യപത്രിക ഓഡിറ്റ് വേളയിൽ പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തികവിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 37132582 |
| വരവ് | 49507737 |
| ആകെ | 86640319 |
| ചെലവ് | 66421801 |
| നീക്കിയിരിപ്പ് | 20218518 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 27935754 | 27935754 | 19830857 | 8104897 | 70.99% |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് എസ്.സി.പി. | 0 | 5858751 | 5858751 | 4196355 | 1662396 | 71.6% |
| വികസനഫണ്ട് ടി.എസ്.പി. | 0 | 569244 | 569244 | 150918 | 418326 | 26.51% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4270401 | 4270401 | 2273273 | 1997128 | 53.2 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|
| 111 | 64 | 0 | 47 |

ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക പദ്ധതിയ്ക്ക് ഭരണസമിതിയുടെ 06-08-16 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം ഭരണാനുമതിയും, 03-09-16 ലെ 490/16/DPC/DPO/KTM നം ഉത്തരവു പ്രകാരം ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരവും ലഭ്യമായിട്ടുണ്ട്. 2016-17 വർഷത്തെ വാർഷിക പദ്ധതിയുടെ അവലോകനം ചുവടെ ചേർക്കുന്നു.

പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് 2016-17 സാമ്പത്തിക വർഷം ആകെ 113 പദ്ധതികളാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ 65 പദ്ധതികളാണ് നടപ്പിലാക്കിയത്. അസിസ്റ്റന്റ് എഞ്ചിനീയർക്ക് ആകെ 72 പദ്ധതികളാണ് ഉണ്ടായിരുന്നത് എന്നാൽ 34 പ്രോജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. 53.2 ശതമാനം മാത്രമാണ് ചെലവ് ചെയ്തിട്ടുള്ളത്. അതുപോലെ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ആകെ ഒരു പ്രോജക്ട് മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. എട്ടു ഗ്രാമ പഞ്ചായത്തുകൾ പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന് കീഴിലുണ്ട്. കാർഷിക മേഖലയുടെ സമഗ്രമായ പുരോഗതിക്ക് ഉതകുന്ന പദ്ധതികളൊന്നും തന്നെ നടപ്പിലാക്കിയിട്ടില്ല. കാർഷിക മേഖല ഉൾക്കൊള്ളുന്ന ടി ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ കൃഷിയുടെ വ്യാപനത്തിന് ആവശ്യമായ പദ്ധതികൾ നടപ്പിൽ വരുത്താവുന്നതാണ്. ഡയറി എക്സ്റ്റൻഷൻ ഓഫീസർക്ക് മൂന്ന് പ്രോജക്ടുകൾ വിഭാവനം ചെയ്തിരുന്നുവെങ്കിലും ഒരു പ്രോജക്ട് മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. 2016-17 സാമ്പത്തിക വർഷം ബ്ലോക്ക് വിഭാവനം ചെയ്തതും നടപ്പിലാക്കിയതുമായ പ്രോജക്ടുകൾ വിലയിരുത്തുമ്പോൾ ഏറ്റെടുത്ത എല്ലാ പ്രോജക്ടുകളും നടപ്പാക്കുന്നതിൽ കാര്യക്ഷമതയില്ല.

## 1-7 ആഭ്യന്തര നിയന്ത്രണം

പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമായ രീതിയിൽ നടക്കുന്നുണ്ട്. ഫയലുകളും രജിസ്റ്ററുകളും രേഖകളുമെല്ലാം കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് | 06-12-2016 മുതൽ | 1/4/2015 മുതൽ | നം105/പി,എ/കെറ്റി.വൈ |

| | | | |
|---|---|---|---|
| ഓഡിറ്റ് | 20.12.16 വരെ | 31/3/2016 വരെ | എം/2016/ 28/04/17 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14/2/2107 മുതൽ 16.02.2017 വരെ | 1/12/2015മുതൽ 31/01/17 വരെ | നം.ഒ.എ(എച്ച്.ക്യു/111/111/ 12/540/16-17/181/1/7/17 |

# ഭാഗം-2

## വരവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളുടെ അവലോകനം

1. വാടക രജിസ്റ്റർ കൃത്യമല്ലാത്തതിനാൽ വാർഷിക കണക്ക് പ്രകാരമുള്ള തുകയുടെ കൃത്യത വ്യക്തമല്ല
2. ഡെപ്പോസിറ്റ് രജിസ്റ്റർ,അഡ്വാൻസ് രജിസ്റ്റർ എന്നിവ കൃത്യമായി പരിപാലിച്ചിട്ടില്ലാത്തതിനാൽ ബി7, ബി 18 ഷെഡ്യൂളിലെ തുകകളുടെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചില്ല.
3. 26.07.2011ലെ ജി.ഒ.(എം.എസ്.) 152/11 എൽ.എസ്.ജി.ഡി നിർദ്ദേശങ്ങൾ പാലിച്ച് ആസ്തികളുടെ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

4.ബി 4 ഷെഡ്യൂളിൽ ഉണ.വിഹിതമിനത്തിൽ കാണിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ലഭിച്ചിട്ടില്ല.

ടി അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 2-2 വാടക ഈടാക്കിയിട്ടില്ല

പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കിടങ്ങൂർ വനിത തൊഴിൽ പരിശീലന കെട്ടിടത്തിന്റെ 365 D നം മുറി ശ്രീമതി.ദീപ്തി.എം.നായരിന് പ്രതിമാസം 4000/- രൂപ വാടകയ്ക്ക് നൽകിയിരുന്നു. എന്നാൽ ടിയാരി 2016 മാർച്ച് മുതൽ നാളിതുവരെയുള്ള വാടക കുടിശ്ശിക വരുത്തിയിട്ടുണ്ട്. മാത്രവുമല്ല ടിയാരിയുമായുള്ള കരാർ പുതുക്കിയിട്ടില്ലാത്തതായി കാണുന്നു. കരാർ പുതുക്കി നാളിതുവരെയുള്ള വാടക കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 ഇ-ടെൻഡർ - ടെൻഡർ ഫീ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് തിരികെ ലഭിച്ചിട്ടില്ല

2016-17 വർഷം ഇ-ടെൻഡർ മുഖേന നടപ്പാക്കിയ പ്രവൃത്തികളുടെ ടെൻഡർ ഫീസിനത്തിലുള്ള തുക എൽ.എസ്.ജി.ഡി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലേയ്ക്ക് ഓൺലൈനായി ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ടെൻഡർ ഫീ ഗ്രാമപഞ്ചായത്തിന് തിരികെ ലഭ്യമായതായി കാണുന്നില്ല. തൻവർഷം നടപ്പാക്കിയ ഇ-ടെൻഡർ പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം. | പ്രവൃത്തിയുടെ പേര് | പ്രോജക്റ്റ് തുക | ടെണ്ടറുകളുടെ എണ്ണം | ടെണ്ടർ ഫീസ് | ആകെ തുക |
|---|---|---|---|---|---|---|
| 1. | 23 | എലിക്കുളം ഡിവിഷനിൽ കാരക്കുളം പള്ളിക്കുന്ന് കുടിവെള്ള പദ്ധതി | 500000 | 2 | 1050 | 2100 |
| 2. | 24 | അകലക്കുന്നം ഡിവിഷനിലെ വിവിധ കുടിവെള്ള പദ്ധതികളുടെ കിണറുകൾക്കും വാട്ടർ ടാങ്കിനും മൂടി നിർമ്മാണം | 450000 | 2 | 945 | 1890 |

| | | | | | | |
|---|---|---|---|---|---|---|
| 3. | 25 | പുലിയുറുമ്പിൽ നെയ്യാട്ടുശ്ശേരി കുടിവെള്ള പദ്ധതി കുളം നിർമ്മാണം പൂർത്തീകരണം | 450000 | 1 | 945 | 945 |
| 4. | 30 | പള്ളിക്കത്തോട് ഡിവിഷനിൽ പത്താം വാർഡിൽ ചക്കാംപുഴ കുടിവെള്ള പദ്ധതി | 500000 | 1 | 1050 | 1050 |
| 5. | 32 | കരിങ്ങണാംപൊയ്ക കുടിവെള്ള പദ്ധതി കുളം നിർമ്മാണം പൂർത്തീകരണം | 450000 | 2 | 945 | 1890 |
| 6. | 33 | കാവുംകുന്ന് കുടിവെള്ള പദ്ധതി വാർഡ്-8 മണർകാട് പഞ്ചായത്ത് | 700000 | 1 | 1470 | 1470 |
| 7. | 36 | കൈത്തുങ്കൽ കുറ്റിക്കൽ തോട് സൈഡ് കെട്ടി മണ്ണ് സംരക്ഷണം | 500000 | 4 | 1050 | 4200 |
| 8. | 40 | കട്ടച്ചിറ ഹൈവേ ഇലവുംകുഴിമറ്റം റോഡ് സൈഡ്കെട്ടി നിർമ്മാണം | 500000 | 4 | 1050 | 4200 |
| 9. | 41 | കുറ്റിക്കൽ ബാങ്ക്പടി-കൈതമറ്റം റോഡിന്റെ സൈഡ് കെട്ടി നിർമ്മാണം | 500000 | 9 | 1050 | 9450 |
| 10. | 44 | വനിത തൊഴിൽ പരിശീലനകേന്ദ്രം വാർഡ് 2 മണർകാട് ഗ്രാമ പഞ്ചായത്ത് | 600000 | 2 | 1260 | 2520 |
| 11 | 45 | എലിക്കുളം 4-ാംമൈൽ എസ്.സി. കോളനി റോഡ് കോൺക്രീറ്റിംഗ്, സൈഡ്കെട്ട്, റോഡിൽ കൈവരി നിർമ്മാണം | 500000 | 1 | 1050 | 1050 |
| 12. | 47 | തണ്ടാനിക്കൽ എസ്.സി.കോളനി നവീകരണം | 500000 | 1 | 1050 | 1050 |
| 13. | 49 | കിളിയൻകുന്ന് എസ്.സി.കോളനി റോഡ് കോൺക്രീറ്റിംഗ് | 500000 | 1 | 1050 | 1050 |
| 14. | 51 | സി.എച്ച്.സി. പൈക മെയിന്റനൻസ് ഇന്റർലോക്ക് ടൈൽ വിരിക്കൽ | 200000 | 2 | 420 | 840 |

| | | | | | | |
|---|---|---|---|---|---|---|
| 15. | 55 | കിടങ്ങൂർ ഡിവിഷനിലെ 13-ാം വാർഡിൽ പാടശേഖര തോട് സംരക്ഷണം പൂർത്തീകരണം | 400000 | 2 | 840 | 1680 |
| 16. | 58 | പൂവത്താനി കന്നുകുഴി തോടിന്റെ സൈഡ് കെട്ട് | 675000 | 6 | 1420 | 8520 |
| 17. | 59 | പുതുപ്പറമ്പിൽ ഓർവയൽ തോട് സൈഡ് കെട്ടി മണ്ണ് സംരക്ഷണം | 550000 | 3 | 1155 | 3465 |
| 18. | 61 | ചെങ്ങളം ഡിവിഷനിൽ എലിക്കുളം പഞ്ചായത്തിൽ ഉരുളികുന്നം തോടിന്റെ പാലമാക്കൽ പാലത്തിന് സമീപം തോടിന്റെ സൈഡ് പൂർത്തീകരണം | 500000 | 4 | 1050 | 4200 |
| 19. | 62 | തച്ചപ്പുഴ റേഷൻകട എഴികുന്നേൽ റോഡ് പൂർത്തീകരണം | 500000 | 1 | 1050 | 1050 |
| 20. | 96 | ട്രാൻസ്ഫോർമർപടി - ആനിവേലിൽ റോഡ് നിർമ്മാണം | 500000 | 2 | 1050 | 2100 |
| 21. | 104 | കുടല്ലൂർ സി.എച്ച്.സി.യിൽ വനിതാ വാർഡിനോട് അനുബന്ധിച്ച് അറ്റാച്ച്ഡ് ടോയ്ലറ്റ് നിർമ്മാണം | 500000 | 2 | 1050 | 2100 |
| 22. | 112 | ബ്ലോക്ക് പഞ്ചായത്തിൽ പട്ടികജാതി യുവജനങ്ങൾക്ക് തൊഴിൽ പരിശീലന കേന്ദ്രം പൂർത്തീകരണം | 811873 | 2 | 1750 | 3500 |
| 23. | 46 | 2-ാം മൈൽ ഇരുമ്പുകുത്തി റോഡ് കോൺക്രീറ്റിംഗ് തോട് സൈഡ് കെട്ട് | 651400 | 1 | 1400 | 1400 |
| Re-E-Tender | | | | | | |
| 1. | 25 | പുലിയുറുമ്പിൽ നെയ്യാട്ടുശ്ശേരി കുടിവെള്ള | 450000 | 1 | 945 | 945 |

| | | | | | | |
|---|---|---|---|---|---|---|
| | | പദ്ധതി കുളം നിർമ്മാണം പൂർത്തീകരണം | | | | |
| 2 | 33 | കാവുംകുന്ന് കുടിവെള്ള പദ്ധതി വാർഡ്-8 മണർകാട് പഞ്ചായത്ത് | 700000 | 1 | 1470 | 1470 |
| 3. | 42 | ബ്ലോക്ക് പരിശീലനകേന്ദ്രം പൂർത്തീകരണം | 947888 | 1 | 1990 | 1990 |
| 4. | 45 | എലിക്കുളം 4-ാംമൈൽ എസ്.സി. കോളനി റോഡ് കോൺക്രീറ്റിംഗ്, സൈഡ്കെട്ട്, റോഡിൽ കൈവരി നിർമ്മാണം | 500000 | 1 | 1050 | 1050 |
| 5. | 62 | തച്ചപ്പുഴ റേഷൻകട എഴികുന്നേൽ റോഡ് പൂർത്തീകരണം | 500000 | 2 | 1050 | 2100 |
| 6. | 112 | ബ്ലോക്ക് പഞ്ചായത്തിൽ പട്ടികജാതി യുവജനങ്ങൾക്ക് തൊഴിൽ പരിശീലന കേന്ദ്രം പൂർത്തീകരണം | 811873 | 1 | 1750 | 1750 |
| 7. | 46 | 2-ാം മൈൽ ഇരുമ്പുകുത്തി റോഡ് കോൺക്രീറ്റിംഗ് തോട് സൈഡ് കെട്ട് | 651400 | 1 | 1400 | 1400 |
| 8. | 34 | കുടിവെള്ള പദ്ധതി മണർകാട് വാർഡ് 12 | 500000 | 1 | 1050 | 1050 |
| 9. | 129 | പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിന്റെ കെട്ടിട നിർമ്മാണം | 1423083 | 2 | 2625 | 5250 |
| 10. | 118 | മറ്റക്കര പാടശേഖരത്തിന്റെ സംരക്ഷണഭിത്തി | 945417 | 5 | 2000 | 10000 |
| | | ആകെ | | | | 90125 |

ടെണ്ടർ ഫീ ഇനത്തിൽ ഒടുക്കിയ തുക (മുൻ വർഷങ്ങളിലേതുൾപ്പെടെ) എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഉപകരണങ്ങൾ -നല്കിയതിന്റെ വിവരങ്ങൾ ഇല്ല

| | |
|---|---|
| പ്രോജക്റ്റ് നം | 20 /17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സി.ഡി.പി.ഒ |
| അടങ്കൽ-വികസന ഫണ്ടാ(ജനറൽ) | 304575 |
| ചെലവ്-വികസന ഫണ്ടാ(ജനറൽ) | 287276 |
| ബിൽ നം | 3//24..3.17 |

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രോജക്റ്റ് പ്രകാരം Kerala State Handicapped Persons Welfare Corporation ന്റെ 446/B3/17/HPWC/25.3.17 നം ബിൽ പ്രകാരം കണ്ണട, വീൽ ചെയർ, വാട്ടർബെഡ്, വാക്കിംഗ് സ്റ്റിക്ക് തുടങ്ങി 19 ഇനം സാധനങ്ങൾ 287276/- രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. എന്നാൽ ടി ഉപകരണങ്ങൾ നല്കുവാൻ ഗുണഭോക്താക്കളെ എപ്രകാരമാണ് തിരഞ്ഞെടുത്തത്, അവരുടെ ആവശ്യകത എപ്രകാരമാണ് നിർണ്ണയിച്ചത് എന്നീ വിവരങ്ങൾ ലഭ്യമല്ല. കൂടാതെ ടി സാധനങ്ങൾ ആർക്കൊക്കെ വിതരണം ചെയ്തു എന്നതിന്റെ വിവരങ്ങളും ഫയലിൽ ഇല്ല. ആയതിനാൽ ടിയിനത്തിൽ ചെലവഴിച്ച 287276/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഉപകരണങ്ങളുടെ വിതരണ വിവരം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-2 പാലിയേറ്റീവ് കെയർ- വില നല്കിയ മുഴുവൻ സാധനങ്ങളും ലഭിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നം | 37/17 |
| അടങ്കൽ-വികസന ഫണ്ട് (ജനറൽ) | 1109575 |
| ചെലവ്-വികസന ഫണ്ട് (ജനറൽ) | 1109522 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി |
| ബിൽ നം | 2/27.2.17 |

പാലിയേറ്റീവ് കെയർ എന്ന പ്രോജക്റ്റിൽ വിവിധ സാധനങ്ങൾ വാങ്ങുന്നതിനായി പ്രൊഫോർമ ഇൻവോയസ് നം 1990/2.2.17 പ്രകാരം 226440 രൂപ KMCL എന്ന സ്ഥാപനത്തിന് നല്കിയെങ്കിലും 211691 രൂപയുടെ സാധനങ്ങളായ Disposable Colostomy bag 59 എണ്ണവും Disposable Urostomy bag 80 എണ്ണവും ലഭിക്കാൻ അവശേഷിക്കുന്നു. ആയതിനാൽ 14479 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വില നല്കിയ മുഴുവൻ സാധനങ്ങളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 ഗുണഭോക്തൃസമിതി പ്രവൃത്തികൾ-കൺവീനർക്ക് അധിക തുക നൽകി

ഗുണഭോക്തൃസമിതി നിർവ്വഹിച്ച താഴെ പറയുന്ന പ്രവൃത്തികൾക്ക് ഓവർഹെഡ് ചാർജ് കൂടി ഉൾപ്പെടുത്തിയാണ് ഡാറ്റ തയ്യാറാക്കിയിട്ടുള്ളത്. നികുതിവിഹിതം നൽകുമ്പോഴുണ്ടാകുന്ന നഷ്ടം പരിഹരിക്കാനാണ് ഓവർഹെഡ് ചാർജ് ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പ്രസ്തുത പ്രവൃത്തികളുടെ ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ ആകെ വേലമൂല്യത്തോടൊപ്പം വീണ്ടും 5% വാറ്റും 1% നിർമ്മാണതൊഴിലാളിവിഹിതവും ഉൾപ്പടെ കൂട്ടിയ ശേഷം ഇതിൽ നിന്നും നികുതി വിഹിതങ്ങൾ കുറവു ചെയ്താണ് കൺവീനർക്ക് തുക നൽകിയിട്ടുള്ളത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം./പേര് | ആകെ വേലമൂല്യം | കൺവീനർക്ക് നൽകേണ്ടത് | കൺവീനർക്ക് നൽകിയത്<br>ചെക്ക് നം./ ബിൽ നം./ തീയതി | കൺവീനറുടെ പേര് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1. | എസ്.ഒ.98/17- ഗ്രാമന്യായാലയ ടോയ്‌ലറ്റ് നിർമ്മാണം | 81060 | 74478 | 79342/- 0363906/30.03.17 | ഓമന കെ.ജി. |
| 2. | എസ്.ഒ.102/17- സി.എച്ച്.സി. കൂടല്ലൂർ റൂഫ് മെയിന്റനൻസ് | 180799 | 165468 | 176318/- 21/16-7/29.03.17 | എം.എം. വർഗ്ഗീസ് |
| 3. | എസ്.ഒ.99/17 – പാമ്പാടി താലൂക്ക് ആശുപത്രി ഓപ്പറേഷൻ തീയറ്റർ മെയിന്റനൻസ് | 299241 | 274943 | 292897/- 1/17-18/30.6.17 | ബിജു എം.എബ്രഹാം |
| | അധികം നൽകിയത് | | | 33,666 | |

ഇത്തരത്തിൽ ഓവർഹെഡ് ചാർജ് കൂടാതെ ടാക്സിനത്തിലുള്ള തുക കൂടി ഉൾപ്പെടുത്തിയതുമൂലം ആകെ 33666/-രൂപ അധികം നൽകിയിട്ടുണ്ട്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/16-17) ലഭിച്ച മറുപടിയിൽ ടി തുക ബന്ധപ്പെട്ട കൺവീനർമാരിൽ നിന്നും ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-4 പാറമ്പടം എസ്.സി കോളനി സമഗ്ര വികസനം-പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നം -എസ്. 0070/17

ബിൽ നം - 11/16-17/10.3.17

എം.ബുക്ക് നം -04/16-17

കൺവീനർ -സുജാത.പി.കെ

2015-16വർഷം ആരംഭിച്ച മണർകാട് ഗ്രാമ പഞ്ചായത്തിലെ 15-ം വാർഡിൽപ്പെട്ട "പാറമ്പടം എസ്സ്.സി കോളനി സമഗ്ര വികസനം" എന്ന പ്രോജക്ടിന്റെ എസ്റ്റിമേറ്റിലെ അപ്പന്റിക്സ് എ - കിണർ നിർമ്മാണം, ബി - എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക ,സി - വൈദ്യുതി ലൈൻ വലിക്കുന്നതിന് കെ.എസ്.ഇ.ബി യിൽ ഡെപ്പോസിറ്റ് ചെയ്യൽ എന്നതുൾപ്പെടെ ആകെ അടങ്കൽ 500000 രൂപയായിരുന്നു.ടി ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു

1.കെ.എസ്.ഇ.ബി ക്ക് ഡെപ്പോസിറ്റ് ചെയ്ത 125000/-രൂപയുടെ വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല ( ഡി.ഡി നം.413153/21.03.16)

2. സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുവേണ്ടി കെ.എസ്.ഇ.ബി യിൽ നിന്നുള്ള സമ്മതപത്രം ഹാജരാക്കിയിട്ടില്ല

3.എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിച്ചതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല

4.എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് ഉപകരണങ്ങൾക്ക് കുറഞ്ഞ ക്വട്ടേഷൻ സമർപ്പിച്ചത് റൈസിംഗ്

സൺ ഇലക്ട്രിക്കൽസ് അയർക്കുന്നം എന്ന സ്ഥാപനമാണ്(തീയതി രേഖപ്പെടുത്തിയിട്ടില്ല).ഒരു എൽ.ഇ.ഡി ലൈറ്റിന് 7800 രൂപയാണ് ക്വോട്ട് ചെയ്തിരുന്നത്. തുടർന്ന് 12.4.16 ൽ ടി സ്ഥാപനത്തിന്റെ കത്ത് പ്രകാരം 1എണ്ണം എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റിന് 459/-രൂപ വീതം കുറക്കുവാൻ തയ്യാറാണെന്നും ആവശ്യമെങ്കിൽ 1എണ്ണം അധികം നൽകാനും തയ്യാറാണെന്ന് അറിയിച്ചിരുന്നു. സ്ഥാപനം നൽകിയ ഓഫറുകൾ പരിഗണിക്കാതെയാണ് തുക അനുവദിച്ചിട്ടുള്ളത്. ഒരു എൽ.ഇ.ഡി.ലൈറ്റ് അധികം ലഭിച്ചിട്ടുണ്ടോ എന്നത്

വ്യക്തമല്ല. ഇത്തരത്തിൽ വികസന ഫണ്ടിൽ നിന്നും 7344 രൂപ (16x459) അധിക ചെലവ് വന്നിട്ടുണ്ട്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/16-17) മറുപടി ലഭിച്ചില്ല. ടി തുക കൺവീനറിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-5 നിശ്ചിത തീയതിക്കകം കരാറുടമ്പടി വയ്ക്കാത്തത്-പിഴ ഈടാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം | S.041/17 |
| ഫണ്ട് | തനത് ഫണ്ട് |
| എസ്റ്റമേറ്റ് തുക | 500000/- |
| ചെലവ് | 413321/-(ചെക്ക് നം 036894/18.3.17) |
| എഗ്രിമെന്റ് നം | 27/ AEE/Lsgd/pdy/2016-17 തീയതി 6/2/17 |

പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ ശ്രീ സിന്തോൾ തോമസ് സമർപ്പിച്ച ടെണ്ടർ അംഗീകരിച്ചിരുന്നു.ടിയാന് 9/1/17 ൽ നൽകിയ സെലക്ഷൻ നോട്ടീസ് പ്രകാരം 23/1/17നകം കരാർ വയ്ക്കാൻ നിർദ്ദേശിച്ചിരുന്നു. തുടർന്ന് 10 ദിവസത്തിനകം കരാർ ഉടമ്പടി വച്ചിട്ടില്ലെങ്കിൽ പിഎസി യുടെ 1% പിഴയോടു കൂടി കരാർ ഉടമ്പടി വയ്ക്കാവുന്നതാണ്. എന്നാൽ 6/2/17 ൽ മാത്രമാണ് കരാർ ഉടമ്പടി വച്ചിട്ടുള്ളത്. നിശ്ചിത തീയതിക്കകം കരാറുടമ്പടി വയ്ക്കാത്തതിനാൽ ടിയാനിൽ നിന്നും 1 ശതമാനം പിഴയായ 5000/-രൂപ ഈടാക്കി ബ്ളോക്ക് പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

## 3-6 കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേക്ക് ഫർണിച്ചർ വാങ്ങൽ -വാങ്ങിയ മുഴുവൻ സാധനങ്ങളും വിതരണം ചെയ്തിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം | 19 /17 |
| അടങ്കൽ-മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്) | 350000 |
| ചെലവ്-മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്) | 196700 |
| ബിൽ നം | 44 /29.3.17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

പ്രസ്തുത പ്രോജക്ട് പ്രകാരം മേശ, കസേര,റാക്ക് തുടങ്ങിയ ഫർണിച്ചറുകൾ ഫൈബർ ചെം പള്ളിക്കത്തോട് എന്ന സ്ഥാപനത്തിൽ നിന്നും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേക്ക് വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ സ്ഥാപനങ്ങൾക്കു നൽകാനായി 8 റാക്കുകൾ വാങ്ങിയതിൽ 4 എണ്ണം മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. ബാക്കി4 എണ്ണം ബ്ളോക്ക് പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്നതായി കാണുന്നു. ആയതിന് വിശദീകരണം നൽകാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2/23.10.17) പൈക സി.എച്ച്.സി.യ്ക്ക് റാക്കുകൾ വിതരണം ചെയ്യുന്നതാണെന്ന് മറുപടി നൽകി. റാക്കുകൾ വിതരണം ചെയ്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-7 പി.എം.എ.വൈ-ഭവന നിർമ്മാണം - ഭവന നിർമ്മാണം പൂർത്തികരിച്ചിട്ടില്ല.

പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് 2016-17 വർഷം 22 ഗുണഭോക്താക്കൾക്കാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിന് അനുമതി നൽകിയത്. ആറോളം ഗുണഭോക്താക്കൾ പദ്ധതി അനുസരിച്ചുള്ള മുഴുവൻ തുകയും കൈപ്പറ്റുകയും ഭവന നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. രണ്ട് ഗുണഭോക്താക്കൾക്ക് ആദ്യഗഡു മാത്രമാണ് നൽകിയിട്ടുള്ളത്. ബാക്കി ഗുണഭോക്താക്കൾക്ക് എല്ലാം തന്നെ 90% തുകയും നൽകിയിട്ടുണ്ട്. ടി ഗുണഭോക്താക്കളുടെ എല്ലാം ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് വിവിധ പ്രവൃത്തികൾക്കായി മുൻകൂർ നൽകിയിട്ടുണ്ടെങ്കിലും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി/ സ്ഥാപനം | പ്രോജക്ട് നം/ പ്രവൃത്തിയുടെ പേര് | നിർവ്വഹണോദ്യോഗസ്ഥൻ | മുൻകൂർ നൽകിയ തുക | ബിൽ നം/ ഡി.ഡി.നം. |
|---|---|---|---|---|
| കുരോപ്പട ഗ്രാമപഞ്ചായത്ത് | 14/17 അച്ചൻപടി 5-ാം വാർഡ് അംഗനവാടി നിർമ്മാണം | സെക്രട്ടറി | 450000 | 16/14.12.16 |
| മണർകാട് ഗ്രാമ പഞ്ചായത്ത് എലിക്കുളം ഗ്രാ.പ | 106/17 ODF ബ്ളോക്ക് പഞ്ചായത്ത് വിഹിതം (എസ്.സി.പി) | സെക്രട്ടറി | 24000<br>10000 | 22/20.12.16 |
| അകലക്കുന്നം ഗ്രാമപഞ്ചായത്ത് മണർകാട് ഗ്രാമപഞ്ചായത്ത് | 10 /17 ODF ബ്ളോക്ക് പഞ്ചായത്ത് വിഹിതം | സെക്രട്ടറി | 186000<br>250000 | 14/11.11.16 |
| എലിക്കുളം ഗ്രാമപഞ്ചായത്ത് | | | 138000 | 21 /20.12.16 |
| പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത് | | | 645794 | 36/27.2.17 |
| എലിക്കുളം ഗ്രാമ പഞ്ചായത്ത് | 110/17- എലിക്കുളം ഗ്രാമ പഞ്ചായത്തിൽ കുരുവിക്കൂട് ജീരകത്തുപടി റോഡിന്റെ സൈഡ് സംരക്ഷണം | സെക്രട്ടറി | 100000 | 35 /18.2.17 |
| കുരോപ്പട ഗ്രാമ പഞ്ചായത്ത് | കുരോപ്പടഗ്രാമ പഞ്ചായത്തിൽ എലിമുള്ളാംകുഴി റോഡ് കോൺക്രീറ്റിംഗ് | സെക്രട്ടറി | 250000 | 19 /14.12.16 |
| കുരോപ്പട ഗ്രാമ പഞ്ചായത്ത് | 93/17 കുരോപ്പടഗ്രാമ പഞ്ചായത്തിൽ മാടപ്പാട് അംഗനവാടിയോട് ചേർന്ന തൊഴിൽ പരിശീലന കേന്ദ്രം | സെക്രട്ടറി | 250000 | 17/14.12.16 |
| മണർകാട് ഗ്രാമ പഞ്ചായത്ത് | 103/ 17<br>ഗ്രാമീണചന്തയുടെ മുന്നൊരുക്കം | സെക്രട്ടറി | 450000 | 16/14.12.16 |
| ഭൂജല വകുപ്പ് | 133/17 | സെക്രട്ടറി | 450000 | 45/29.3.17 |

| | | | | |
|---|---|---|---|---|
| | പാമ്പാടി ഡിവിഷനിൽ കുഴൽക്കിണർ നിർമ്മാണം | | | |
| കെ.എസ്.ഇ.ബി | 91 /17<br>മീനടം ഡിവിഷനിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | സെക്രട്ടറി | ഇലക്ട്രിക്കൽ സെക്ഷൻ, പാമ്പാടി -178500<br>ഇലക്ട്രിക്കൽ സെക്ഷൻ,മീനടം -421430 | 37 /10.3.17 |
| മണർകാട് ഗ്രാമ പഞ്ചായത്ത് | 20/17 ശാരീരിക മാനസിക വെല്ലു വിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | സി.ഡി.പി.ഒ | അകലക്കുന്നം ഗ്രാ.പ-150000<br>എലിക്കുളം ഗ്രാ.പ-62500<br>പള്ളിക്കത്തോട് ഗ്രാ.പ-75000<br>കിടങ്ങൂർ ഗ്രാ.പ-150000<br>കൂരോപ്പട ഗ്രാ.പ-50000<br>മീനടം ഗ്രാ.പ-50000<br>പാമ്പാടി ഗ്രാ.പ-200000<br>മണർകാട് ഗ്രാ.പ -625000 | 2/4.3.17 |
| | ആകെ | | 5166224 | |

വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ മുൻകൂർ നൽകിയ 5166224/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം./ ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ് കോട്ടയം | കുഴൽ കിണർ നിർമ്മാണം | ഡിഡി നം. 708011400005 | 450000 | - | 450000 |
| കെ.എസ്.ഇ.ബി. | മീനടം ഡിവിഷനിൽ സ്ട്രീറ്റ് മെയിൻ ലൈൻ സ്ഥാപിക്കൽ | 37/10.03.17 | 599980 | | 599980 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസേഷൻ അഡ്വാൻസിനത്തിൽ തുകയൊന്നും നൽകിയിട്ടില്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് | ഉത്തരവ് നമ്പർ/തീയതി | വായ്പ നൽകിയ സ്ഥാപനത്തിന്റെ പേര് | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക. | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഐ.എ.വൈ ഭവന നിർമ്മാണം | ജി.ഒ(എം.എസ്) 90/13-തസ്വഭവ 14.03.13 | 1.അഗ്രിക്കൾച്ചറൽ റീജിയണൽ ഫാർമേഴ്സ് എസ്.സി.ബി<br>2.കിടങ്ങൂർ എസ്.സി.ബി | 3000000<br>2250000 | 3000000<br>2250000 | ഇല്ല | 5250000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങളില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 17,18,19,20,29,34 | 2003-04 | | വ്യവസായ വികസന ഓഫീസർ നടപ്പാക്കിയ പദ്ധതി-അപാകതകൾ(ആകെ ചെലവ്-108709 രൂപ) | |

## **4-8** ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 49507737 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 66421801 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 41010 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5467979 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

**(ബി).** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-3 | | 33666 | ശ്രീ.സുരേഷ് കുമാർ, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-4 | | 7344 | |
| | ആകെ | 41010 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 2,87,276 | ശ്രീമതി ബി.കെ.ഗ്ലാഡിസ് പത്മം (സി.ഡി.പി.ഒ) |
| 3-2 | 14,479 | ഡോ.മനോജ് കെ.എ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 3-8 | 38,03,724 | ശ്രീമതി ലേഖ സി, സെക്രട്ടറി |
| 3-8 | 13,62,500 | ശ്രീമതി ബി.കെ. ഗ്ലാഡിസ് പത്മം (സി.ഡി.പി.ഒ) |
| ആകെ | 54,67,979 | |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേര്, ഉദ്യോഗപ്പേര് | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സുരേഷ് കുമാർ, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് | ശാലിനി സദനം, കല്ലുമല പി.ഒ, മാവേലിക്കര |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01,<br>2001-02 | പി12/421/14/5.5.15/16.9.15 | 21 | |
| 2002-03 | പി12/421/14/06.05.15/16.09.15 | 9 | |
| 2003-04 | പി12/421/14/06.05.15/16.09.15 | 13 | |
| 2004-05 | പി12/421/14/06.05.15/16.09.15 | 3 | |
| 2005-06 | പി12/421/14/06.05.15/16.09.15 | 13 | |
| 2006-07 | പി12/421/14/06.05.15/16.09.15 | 16 | |
| 2007-08 | പി12/421/14/06.05.15/16.09.15 | 2 | |
| 2008-09 | പി12/421/14/06.05.15/16.09.15 | 3 | |
| 2009-10 | പി12/421/14/06.05.15/16.09.15 | 5 | |
| 2010-11 | പി12/421/14/06.05.15/16.09.15 | 12 | |
| 2011-12 | പി12/810/14/05.02.14 | 23 | |
| 2012-13 | പി12/1335/14/07.09.15/16.09.15 | 12 | |
| 2013-14 | പി12/179/15/12.01.16 | 6 | |
| 2014-15 | കെ.എസ്.എ.കെ.ടി.എം.പി12/188<br>/16/26.02.2016 | | |
| 2015-16 | കെ.എസ്.എ.കെ.ടി.എം.പി12/139<br>/17/08.02.2017 | | |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് മറുപടി നൽകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം -1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെഎസ്എ.കെടിഎം.പി./15-1646/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി: .13.11.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്